**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 74** **29-01-2024 - ൽ മറുപടിയ്ക്ക്**

**അക്ഷയ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംരഭകർ നടത്തുന്ന അക്ഷയ കേന്ദ്രങ്ങളുടെ കൈമാറ്റത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) | 30/10/2019 തീയതിയിലെ സ.ഉ. (കൈ) നം . 24/2019/ വി. സാ.വ. നമ്പർ ഉത്തരവിലെ നാലാം ഖണ്ഡികയിലെ വ്യവസ്ഥകൾ പ്രകാരവും 30/07/2021 തീയതിയിലെ സ.ഉ.(കൈ)നം. 24/2021/വി. സാ.വ. നമ്പർ സർക്കാർ ഉത്തരവിലെ 2(iii) ഖണ്ഡികയിലെ വ്യവസ്ഥകൾ പ്രകാരവുമാണ് അക്ഷയ കേന്ദ്രം കൈമാറ്റം അനുവദിക്കുന്നത്. വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br><br><u>30/10/2019 തീയതിയിലെ സ.ഉ. (കൈ) നം.24/2019/വീ.സാ.വ. നമ്പർ ഉത്തരവിലെ നാലാം ഖണ്ഡികയിലെ വ്യവസ്ഥ;</u><br><br>അക്ഷയ സംരംഭകൻ സർക്കാർ ജോലി ലഭിക്കുന്ന അവസരത്തിലോ/മരണപ്പെടുന്ന അവസരത്തിലോ/ ശാരീരിക മാനസിക അസ്വസ്ഥതകളാൽ കേന്ദ്രം നടത്താൻ പറ്റാത്ത സാഹചര്യത്തിലോ അല്ലാതെ മറ്റ് യാതൊരു സാഹചര്യത്തിലും കൈമാറ്റം അനുവദിക്കുന്നതല്ല. കൈമാറ്റം ചെയ്യവാൻ കഴിയുന്നത് ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/ പ്രായപൂർത്തിയായ മകൻ /മകൾ എന്നിവർക്ക് മാത്രമായി നിജപ്പെടുത്തുന്നു. അക്ഷയ കേന്ദ്രം കൈമാറ്റത്തിനുള്ള അപേക്ഷകളുടെ നിജസ്ഥിതി വളരെ വ്യക്തമായി അന്വേഷിച്ച് ഉത്തമ ബോധ്യമുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കാൻ പാടുള്ളു. സംരംഭകരുടെ മരണം, ശാരീരിക മാനസിക അസ്വസ്ഥത എന്നിവ മൂലമുള്ള കൈമാറ്റത്തിനുള്ള ഫീസ് 500/- രൂപയും സംരംഭകൻ ജോലി ലഭിക്കുന്നത് മൂലമുള്ള കൈമാറ്റത്തിനുള്ള ഫീസ് 5000/- രൂപയുമായിരിക്കും. റാങ്ക് ലിസ്റ്റിന്റെ കാലവധിക്കുള്ളിൽ മറ്റേതെങ്കിലും കാരണത്താൽ സെന്റർ നടത്താൻ കഴിയാത്ത അവസ്ഥ വരികയാണെങ്കിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽസന്നദ്ധനായ ഏറ്റവും ഉയർന്ന |

| | | | |
|---|---|---|---|
| | | | റാങ്ക് ലഭിച്ചയാൾക്ക് സംരംഭകത്വം അനുവദിക്കുന്നതാണ്. ഓൺലൈനായി ആധാർ ബന്ധിപ്പിച്ച്കൊണ്ടുള്ള കൈമാറ്റത്തിനുള്ള സംവിധാനം തയ്യാറാവുന്നത് വരെ നിലവിലെ രീതിയിൽ തന്നെ കേന്ദ്ര കൈമാറ്റം നടത്തുന്ന താണ്.<br><br>30/07/9021 തീയതിയിലെ സ. (കൈനം. 24/4021/ വി.സാ.വ. നമ്പർ ഉത്തരവിലെ 2 (iii) ഖണ്ഡികയിലെ വ്യവസ്ഥ<br><br>അക്ഷയ സംരംഭകൻ സർക്കാർ ജോലി ലഭിക്കുന്ന അവസരത്തിലോ/മരണപ്പെടുന്ന അവസരത്തിലോ/ ശാരീരിക മാനസിക അസ്വസ്ഥതകളാൽ കേന്ദ്രം നടത്താൻ പറ്റാത്ത സാഹചര്യത്തിലോ അക്ഷയ കേന്ദ്രം കൈമാറ്റം ചെയ്യേണ്ടി വരുമ്പോൾ 30/10/2019 തീയതിയിലെ സ.ഉ.(കൈ)നം. 24/2019/വി. സാ. വ. നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം കുടുംബാംഗങ്ങൾക്കു പുറമേ സഹോദരൻ/സഹോദരി എന്നിവർക്കു കൂടി കേന്ദ്രം കൈമാറാമെന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നു. അപ്രകാരം അടുത്ത ബന്ധുക്കളാരും തന്നെ കേന്ദ്രം കൈമാറി ലഭിക്കുവാൻ യോഗ്യരല്ലാതെ വരുന്ന കേസുകളിൽ മറ്റൊരു വ്യക്തിക്ക് കേന്ദ്രം കൈമാറ്റം ചെയ്യുന്നത് അക്ഷയ ഡയറക്ടർ പരിശോധിക്കേണ്ടതും അക്ഷയ ചീഫ് കോർഡിനേറ്ററായ ജില്ലാകളക്ടറുടെ ശിപാർശയോടുകൂടി അനുയോജ്യമായ ശിപാർശ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. |
| (ബി) | സംരഭകർ സ്വന്തമായി പണം ചിലവഴിച്ച് നടത്തിവരുന്ന അക്ഷയകേന്ദ്രങ്ങളുടെ കൈമാറ്റം നടത്താനുള്ള അവകാശം സംരഭകരിൽ നിലനിർത്തുന്നതിന് മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | ഇത് സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.സർക്കാർ ഈ നിവേദനങ്ങൾ പരിശോധിച്ചു വരുന്നു |
| (സി) | അക്ഷയ കേന്ദ്രത്തിലെ ഓപ്പറേറ്റർ/സൂപ്പർവൈസർ എന്നിവരെ വേരിഫയർ ആയി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ഇല്ല. നിലവിലെ 22/02/2022 ലെ സംസ്ഥാന ഐ.ടി മിഷൻ ഡയറക്ടറുടെ KSITM/UID/1/2022നമ്പർ നടപടി ക്രമം പ്രകാരം അക്ഷയ സംരംഭകർ മാത്രമാണ് ആധാർ വെരിഫയറായി പ്രവർത്തിക്കുന്നത്. |
| (ഡി) | അക്ഷയ സ്വതന്ത്ര സ്ഥാപനം ആക്കി മാറ്റുന്നതിനുള്ള ഭരണ പരിഷ്കാര കമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കുന്നത് സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ? | (ഡി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ